കേരള നിയമസഭാ നടപടികൾ

പത്താം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

1999 ഡിസംബർ 14, ചൊവ്വ

വാല്യം 109] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 2

നിയമസഭ 1999 ഡിസംബർ മാസം 14-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം.വിജയകുമാറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

മി. സ്പീക്കർ : ഓർഡർ; ഓർഡർ.....

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

1 (*31) തീരദേശ ശുദ്ധജല വിതരണം

ശ്രീ. മോൻസ് ജോസഫ് :
ശ്രീ. ആന്റണി രാജു :
ഡോ. കെ.സി. ജോസഫ് :
ശ്രീ. പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തീരപ്രദേശത്ത് ശുദ്ധജലവിതരണം കാര്യക്ഷമമാക്കുന്നതിന് പ്രത്യേക പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) ഈ പദ്ധതി ഏതെല്ലാം പ്രദേശത്ത് നടപ്പിലാക്കിയിട്ടുണ്ട്;

(ഡി) തീരപ്രദേശത്തെ കുടിലുകളിൽ സൗജന്യമായി വാട്ടർ കണക്ഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ,

(എ) ആവിഷ്ക്കരിച്ചിട്ടുണ്ട്.

(ബി) തിരുവനന്തപുരം ജില്ലയിൽ വിഴിഞ്ഞം, കോട്ടുകാൽ, തിരുവല്ലം, കോവളം, എന്നീ തീരപ്രദേശങ്ങളിൽ ശുദ്ധജല വിതരണം നടത്തുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly

വെള്ളായണി കായൽ സ്രോതസ്സായി ഗ്രേറ്റർ തിരുവനന്തപുരം ശുദ്ധജല വിതരണ പദ്ധതിക്ക് രൂപം നൽകിവരുന്നു. വെള്ളായണി കായലിന്റെ ജലലഭ്യതയെക്കുറിച്ച് പഠനം നടത്തി അതിന്റെ അടിസ്ഥാനത്തിൽ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ ടെക്നോളജി മിഷൻ പ്രോഗ്രാമിൽ ഉൾപ്പെടുത്തി നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ കേന്ദ്ര ഗവൺമെന്റിന്റെ ധനസഹായത്തോടെ തീരദേശ മൽസ്യത്തൊഴിലാളി ഗ്രാമങ്ങളിൽ ശുദ്ധജലം എത്തിക്കാനുള്ള പദ്ധതി പുരോഗതിയിലാണ്. ആലപ്പുഴ ജില്ലയിലെ തൃക്കുന്നിപ്പുഴ, ആറാട്ടുപുഴ എന്നീ പഞ്ചായത്തുകളിൽ 10 ലക്ഷം രൂപാ വീതം എസ്റ്റിമേറ്റ് തുകയ്ക്കുള്ള മൂന്ന് പദ്ധതികൾ ആരംഭിച്ചിട്ടുണ്ട് ഇതിന്റെ ജലവിതരണ ശൃംഖല പൂർത്തിയായിട്ടുണ്ട്. ബാക്കി പണികൾ ഫെബ്രുവരി മാസത്തോടുകൂടി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

തിരുവനന്തപുരം ജില്ലയിലെ വർക്കല മുനിസിപ്പാലിറ്റിയുടെ സമീപത്തുള്ള ആറ് വില്ലേജുകൾക്കുവേണ്ടി കേന്ദ്ര ഗവൺമെന്റിന്റെ 100 ശതമാനം ഗ്രാന്റുള്ള ത്വരിത ഗ്രാമീണ പദ്ധതിക്ക് അംഗീകാരം ലഭിച്ചു. സംസ്ഥാനത്തെ തീരപ്രദേശങ്ങളിൽ ഉപ്പുരസം കലർന്ന ജലമുള്ള പ്രദേശത്തെ ശുദ്ധജലവിതരണത്തിന് കേന്ദ്ര ഗവൺമെന്റിന്റെ ടെക്നോളജി മിഷൻ പ്രോഗ്രാമിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന പദ്ധതികൾക്ക് അംഗീകാരം ലഭ്യമാക്കി.

(എ) 50 ശതമാനം കേന്ദ്ര സഹായവും 50 ശതമാനം സംസ്ഥാന വിഹിതവുമുള്ള പദ്ധതികൾ.

(1) കൊല്ലം ജില്ലയിലെ ആലപ്പാടും ക്ലാപ്പനയും ഉൾപ്പെടുന്ന വില്ലേജുകൾക്കു വേണ്ടിയുള്ള പദ്ധതി.

(2) പാലക്കാടു ജില്ലയിലെ കൊഴിഞ്ഞാംപാറയും സമീപ വില്ലേജുകൾക്കും വേണ്ടിയുള്ള പദ്ധതി.

(3) പാലക്കാടു ജില്ലയിലെ പുതുശ്ശേരിയും സമീപ വില്ലേജുകൾക്കും വേണ്ടിയുള്ള പദ്ധതി.

(4) തൃശ്ശൂർ ജില്ലയിലെ അഴിക്കോട്, എടവിലങ്ങ് എന്നീ പ്രദേശങ്ങൾ ഉൾപ്പെടുന്ന ഗ്രാമങ്ങൾക്കുവേണ്ടിയുള്ള പദ്ധതി.

(5) തൃശ്ശൂർ ജില്ലയിലെ വെങ്കിടങ്ങും പരിസര പ്രദേശങ്ങൾക്കും വേണ്ടിയുള്ള പദ്ധതി.

(ബി) 75 ശതമാനം കേന്ദ്ര സർക്കാർ ധനസഹായവും 25 ശതമാനം സംസ്ഥാന വിഹിതവുമുള്ള പദ്ധതികൾ:

(1) കാസർകോട് ജില്ലയിലെ ഉപ്പളയും സമീപ വില്ലേജുകൾക്കും വേണ്ടിയുള്ള പദ്ധതി

(2) കാസർകോട് ജില്ലയിലെ വോർക്കായിയും സമീപ പ്രദേശങ്ങൾക്കും വേണ്ടിയുള്ള പദ്ധതി.

(3) കോഴിക്കോട് ജില്ലയിലെ അഴിയൂർ വില്ലേജിനുവേണ്ടിയുള്ള പദ്ധതി.

(4) കുട്ടനാട്ടിനും സമീപപ്രദേശങ്ങൾക്കും വേണ്ടിയുള്ള പദ്ധതി.

(സി) കുട്ടനാടും സമീപ പ്രദേശങ്ങളിലും പദ്ധതി ഭാഗികമായി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ പൂന്തുറ, വലിയതുറ, ശംഖുമുഖം, ബീമാപള്ളി, വെട്ടുകാട്, കഠിനംകുളം, ഓണംപള്ളി, തൃക്കുന്നിപ്പുഴ മത്സ്യത്തൊഴിലാളി

LIBRARY ARCHIVES Kerala Legislative Assembly

വില്ലേജ്, ആറാട്ടുപുഴ പഞ്ചായത്തിലെ കള്ളിക്കാട്, തറയിൻക്കടവ് എന്നീ മത്സ്യത്തൊഴിലാളി വില്ലേജുകളിലും ഈ പദ്ധതി നടപ്പിലാക്കിവരുന്നു.

നെതർലാന്റ് ഗവൺമെന്റിന്റെ സാമ്പത്തിക സഹായത്തോടെ നാട്ടിക ഫർക്ക, സമഗ്ര ശുദ്ധജലവിതരണ പദ്ധതിയിലൂടെ 10 പഞ്ചായത്തുകളിലെ തീരപ്രദേശങ്ങളിൽ ശുദ്ധജലവിതരണം നടത്തിവരുന്നു.

കേന്ദ്രസർക്കാരിന്റെ ടെക്നോളജി മിഷൻ സഹായത്തോടെ നടപ്പിലാക്കിവരുന്ന ആലപ്പാട്-ക്ലാപ്പന, കൊഴിഞ്ഞാംപാറ എന്നീ പദ്ധതികളുടെ പണികൾ പുരോഗതിയിലാണ്. മറ്റു പദ്ധതികൾ നടപ്പിലാക്കുവാനാവശ്യമായ സ്ഥലം ലഭ്യമാക്കുവാൻ വേണ്ട നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

<u>ശ്രീ. മോൻസ് ജോസഫ്</u> : സർ, നമ്മുടെ സംസ്ഥാനത്ത് അടുത്ത കാലത്തായി വളരെ രൂക്ഷമായ നിലയിൽ വളർന്നുവന്നിട്ടുള്ള ഒരു ജനകീയ പ്രശ്നമാണ് കുടിവെള്ളക്ഷാമം. അത് വളരെ രൂക്ഷമായ നിലയിൽ നാൾക്കുനാൾ വളർന്നുവന്നുകൊണ്ടിരിക്കുകയാണ്. പ്രത്യേകിച്ചും തീരദേശങ്ങളിലാണ് കൂടുതൽ കുടിവെള്ളക്ഷാമമുള്ളത്. ഇവിടെ അങ്ങ് സൂചിപ്പിച്ചിട്ടുള്ള മറുപടിയിൽ, ഇക്കാര്യത്തിൽ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള നടപടികളെക്കുറിച്ച് വിശദീകരിക്കുകയുണ്ടായി. പക്ഷേ ഈ പദ്ധതികളൊക്കെയുണ്ടെങ്കിലും നമുക്ക് ആവശ്യമുള്ള ജലം ലഭിക്കുന്നില്ലായെന്നുള്ളതാണ് പ്രശ്നം. അങ്ങ് ഇവിടെ സൂചിപ്പിച്ച പദ്ധതികളൊക്കെത്തന്നെ ഭാഗികമായി നടന്നുവരുന്നതായി അങ്ങ് സൂചിപ്പിച്ചു. എന്നാൽ ഈ പറഞ്ഞ പദ്ധതികളൊക്കെ സമയബന്ധിതമായി പൂർത്തീകരിക്കാനാവശ്യമായിട്ടുള്ള എന്തെല്ലാം നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്; എത്ര സമയംകൊണ്ട് ഈ പദ്ധതികൾ പൂർത്തിയാക്കി നമ്മുടെ നാട്ടിലെ ജനങ്ങൾക്ക്കുടിവെള്ളമെത്തിക്കാൻ കഴിയുമെന്നതിനെ സംബന്ധിച്ച് വിശദീകരിക്കുമോ?

<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u> : ഓരോ പദ്ധതിക്കും വേണ്ട സ്ഥലം പ്രത്യേകം പ്രത്യേകം ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾ എന്നുപറഞ്ഞാൽ ജനങ്ങൾക്കാവശ്യമായ വെള്ളം ആ പദ്ധതിയിൽനിന്നും കിട്ടണം. അതിന് ചില പ്രശ്നങ്ങളൊക്കെയുണ്ട്. ആ പദ്ധതികൾ നടപ്പിലാക്കുന്നതിനാവശ്യമായ സ്ഥലം കിട്ടുന്ന മുറയ്ക്ക് അത്തരം പദ്ധതികളുടെ പണികൾ ആരംഭിക്കുവാൻ കഴിയും. അതിനുള്ള സൗകര്യങ്ങൾ കിട്ടിക്കഴിഞ്ഞാൽ തീർച്ചയായിട്ടും വാട്ടർ അതോറിറ്റിയുടെ ഭാഗത്തുനിന്നും യാതൊരു കാരണവശാലും കാലതാമസമുണ്ടാവുകയില്ല. ഇക്കാര്യത്തിൽ വാട്ടർ അതോറിറ്റിയുടെ ഭാഗത്തുനിന്നും യാതൊരുവിധ വീഴ്ചയും ഉണ്ടാക്കുന്നതല്ലായെന്ന കാര്യം ഉറപ്പിച്ചുപറയുകയാണ്.

<u>ശ്രീ. മോൻസ് ജോസഫ്</u> : സർ, ഇവിടെ കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടുകൂടി തീരദേശ മത്സ്യത്തൊഴിലാളി ഗ്രാമങ്ങൾക്കുവേണ്ടിയുള്ള പ്രത്യേക പദ്ധതികളെക്കുറിച്ച് അങ്ങ് പറഞ്ഞു. വേമ്പനാട്ട് കായലിന്റെ തീരത്ത് വക്കം, കടുത്തുരുത്തി ഉൾപ്പെടെയുള്ള മണ്ഡലങ്ങൾ ഉൾക്കൊള്ളുന്ന പ്രദേശങ്ങൾ ഒന്നുംതന്നെ ആ സ്കീമുകളുടെ പരിധിയിൽ വരുന്നില്ല. അങ്ങനെയുള്ള ഗ്രാമപ്രദേശങ്ങളിൽകൂടി കുടിവെള്ളം കൊടുക്കുന്നതിനു വേണ്ടി പുതുതായി നിർദ്ദേശങ്ങൾ കൊടുക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u> : ഇവിടെ തീരപ്രദേശങ്ങളിലെ ജനങ്ങൾക്ക് കുടിവെള്ളം കൊടുക്കുന്നതിനെ സംബന്ധിച്ചാണ് ചോദ്യം. ഗ്രാമപ്ര

LIBRARY ARCHIVES Kerala Legislative Assembly

ദേശങ്ങളിലൊക്കെ വെള്ളം കൊടുക്കുന്നതിനെ സംബന്ധിച്ച് ഇപ്പോൾതന്നെ ചെറിയചെറിയ പദ്ധതികൾക്ക് രൂപംകൊടുക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തുകൾക്കാണ് അത്തരത്തിലുള്ള ചെറിയചെറിയ പദ്ധതികളുടെ നടത്തിപ്പിന്റെ ചുമതലയുള്ളത്. എന്നാൽ തീരദേശ പ്രദേശങ്ങളിലേക്കുള്ള കുടിവെള്ളത്തിനുള്ള വർക്കുകളിൽപ്പോലും 55 ലക്ഷം രൂപയ്ക്ക് താഴെ വരുന്ന വർക്കുകൾക്ക് മാത്രമേ അവ ഏറ്റെടുത്ത് നടത്തുന്നതിനുള്ള അനുമതിയുള്ളൂ. ഇപ്പോൾ ഇതു സംബന്ധിച്ച് ഒരു പുതിയ നിർദ്ദേശമുണ്ടാക്കിയിട്ടുണ്ട്. അതുകൊണ്ട് ഫിഷറീസ് ഡിപ്പാർട്ടുമെന്റിൽനിന്ന് അത്തരം വാട്ടർ സപ്ലൈ സ്കീമിനുവേണ്ടി മുടക്കുന്ന പണം 55 ലക്ഷം രൂപയ്ക്ക് താഴെയുള്ളത് പലതും പോർട്ട് ഡിപ്പാർട്ടുമെന്റിനെയാണ് ഏൽപ്പിച്ചിരിക്കുന്നത്. ഇപ്പോൾ ഗവൺമെന്റിനെ ഏൽപ്പിച്ചിരിക്കുന്ന വർക്കുകളെക്കുറിച്ചാണ് ഞാൻ നേരത്തെ ഇവിടെ വിശദീകരിച്ചത്.

<u>ശ്രീ. ആന്റണി രാജു</u> : സർ, തലസ്ഥാനത്തെ ശുദ്ധജലക്ഷാമം പരിഹരിക്കുകയെന്ന ലക്ഷ്യത്തോടുകൂടിയാണ് ഓഗ്മെന്റേഷൻ പദ്ധതികൾ നമ്മൾ നടപ്പിലാക്കിവരുന്നത്. എന്നാൽ നഗരത്തിന്റെ തന്നെ തീരപ്രദേശമായ വേളി മുതൽ പൂന്തുറ വരെയുള്ള പ്രദേശങ്ങളിൽ ശുദ്ധജല ക്ഷാമം പരിഹരിക്കുവാൻ നമുക്ക് ഇപ്പോഴും കഴിഞ്ഞിട്ടില്ല. ഈ പ്രദേശത്തെ പ്രധാനപ്പെട്ട പൈപ്പുലൈനുകൾ വ്യാപ്തി കുറഞ്ഞതും അതുപോലെതന്നെ ആ പ്രദേശങ്ങളിലെ പൈപ്പുകളിൽ ലോ പ്രഷർ ഉള്ളതുകൊണ്ടുമാണ് ആ പ്രദേശത്തെ ശുദ്ധജല ക്ഷാമം പരിഹരിക്കുവാൻ കഴിയാതെ പോകുന്നത്. തിരുവനന്തപുരം പട്ടണത്തിലെ നഗരപ്രദേശങ്ങളായ വേളി മുതൽ പൂന്തുറ വരെയുള്ള പ്രദേശങ്ങളിലെ വ്യാസംകുറഞ്ഞ പൈപ്പുകൾ മാറ്റി വ്യാസംകൂടിയ പൈപ്പ് ഇടാനും അവിടെയുള്ള പൈപ്പുകളിൽ പ്രഷർ കൂടുതൽ കൊടുത്ത് വെള്ളം പമ്പു ചെയ്ത് ആ പ്രദേശത്തെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനും നാട്ടുകാർക്ക് ഇന്നനുഭവപ്പെടുന്ന കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനും ആവശ്യമായ നടപടി ഗവൺമെന്റ് കൈക്കൊള്ളുമോ?

<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u> : ഇവിടെ ബഹുമാനപ്പെട്ട അംഗം പറഞ്ഞത് നിലവിലുള്ള പൈപ്പുകളിൽ പ്രഷർ കൂട്ടി കൊടുത്ത് ജലം പമ്പ് ചെയ്ത് കുടിവെള്ള പ്രശ്നത്തിന് പരിഹാരമുണ്ടാക്കുന്നതിനെക്കുറിച്ചാണ്. എന്നാൽ ഇന്നുള്ള പൈപ്പുകളിൽ കൂടുതൽ പ്രഷർ കൊടുത്താൽ ആ പൈപ്പുകൾ പൊട്ടിപ്പോകും. അതിന്റെ ഇപ്പോഴുള്ള വ്യാസത്തിനകത്തുകൂടി കടന്നു പോകാൻ കഴിയുന്ന ജലത്തെ മാത്രമേ അവിടെ നിലവിലുള്ള പൈപ്പുകളിൽകൂടി പ്രഷർ കൊടുത്ത് കടത്തിവിടാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് അത്തരത്തിൽ പഴയ പൈപ്പുകളിട്ടിട്ടുള്ള സ്ഥലങ്ങളിൽ വെള്ളത്തിന് ക്ഷാമമുണ്ടെങ്കിൽ ആ സ്ഥലങ്ങളിലെ കാര്യം പരിശോധിച്ച് പൈപ്പുകൾ മാറ്റുകയും പുതിയ പൈപ്പുകൾ അവിടെ ഘട്ടംഘട്ടമായി സ്ഥാപിക്കുകയും ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്.

<u>ശ്രീ. ആന്റണി രാജു</u> : അഴുക്കുചാലുകളുടെയും ഡ്രെയിനേജ് കണക്ഷന്റെ സമീപത്തുകൂടിയും ദ്രവിച്ചതും പൊട്ടിയതും കാലപ്പഴക്കം ചെന്നതുമായ പൈപ്പുലൈനുകൾ കടന്നുപോകാറുണ്ട്. ഇതുകാരണം കേരളത്തിന്റെ, പ്രത്യേകിച്ചും പടിഞ്ഞാറൻ തീരപ്രദേശങ്ങളിൽ മട്ടാഞ്ചേരി ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ ഈ അടുത്തകാലത്തായി കുടിവെള്ളം കടന്നുപോകുന്ന പൈപ്പുലൈനുകളിലൂടെ മലിനജലം കടന്നുകയറി ടൈഫോയിഡ് പോലുള്ള മാരകമായ രോഗങ്ങൾ പിടിപെട്ടിട്ടുള്ളതായി വാർത്തകൾ വന്നിട്ടുള്ളത് നമുക്കൊക്കെ അറിയാവുന്നതാണ്. തീരപ്രദേശത്തെ അഴുക്കുചാലുകൾ കടന്നുപോകുന്ന

LIBRARY ARCHIVES Kerala Legislative Assembly

സ്ഥലങ്ങളിലൂടെ കടന്നുപോകുന്ന കുടിവെള്ളം പൈപ്പുലൈനുകൾ പൊട്ടിയതും ദ്രവിച്ചതും കൊണ്ടാണ് പൈപ്പുലൈനിലൂടെ മലിനജലം കയറി വെള്ളം മലിനപ്പെടാനിടയാകുന്നത്. അതുകൊണ്ട് തീരപ്രദേശത്തെ പൊട്ടിയതും ദ്രവിച്ചതും പഴകിയതുമായ പൈപ്പുലൈനുകൾ മാറ്റി അവിടെ നല്ല പൈപ്പുകൾ സ്ഥാപിക്കുന്നതിനുവേണ്ട അടിയന്തിര നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u> : അത്തരം പ്രശ്നങ്ങൾ നമ്മുടെ സംസ്ഥാനത്തിന്റെ പല മേഖലകളിലുമുണ്ട്. ഈ അടുത്തകാലത്ത് വൈപ്പിൻ മേഖലയിൽ ഇത്തരമൊരു സംഭവമുണ്ടായി. ശുദ്ധജല വിതരണ പൈപ്പിനകത്തുകൂടി മലിനജലം കടന്നുകയറിയതിന്റെ ഫലമായി അവിടെയുള്ള ജനങ്ങൾക്ക് രോഗം പിടിപെട്ടതായി പത്രങ്ങളിൽ വാർത്ത വന്നിരുന്നു. അങ്ങനെ വന്ന കേസുകളിൽ ഗവൺമെന്റും വാട്ടർ അതോറിറ്റിയും വേണ്ട നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഇതുപോലുള്ള കാര്യങ്ങൾ ഗവൺമെന്റിന്റെയും വാട്ടർ അതോറിറ്റിയുടെയും ശ്രദ്ധയിൽ വന്നിട്ടുള്ള സ്ഥലങ്ങളിൽ അത്തരം പൈപ്പുകൾ എല്ലാംതന്നെ മാറ്റി ഇട്ടുകൊടുത്തു. ഇതിനോടകംതന്നെ വൈപ്പിൻ പ്രദേശത്തെ ഏകദേശം എല്ലാ പൈപ്പുലൈനുകളും മാറ്റി പകരം അവിടെ പുതിയ പൈപ്പുലൈനുകൾ സ്ഥാപിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറയുന്ന പ്രദേശങ്ങളിൽ ഇത്തരം പ്രശ്നങ്ങളുണ്ടെങ്കിൽ അത് പരിശോധിക്കുകയും അതിനാവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യുന്നതാണ്.

<u>ഡോ. കെ.സി. ജോസഫ്</u> : നമ്മുടെ തീരപ്രദേശങ്ങളിൽ പ്രത്യേകിച്ചും കുട്ടനാട് കായൽപ്രദേശം ഉൾപ്പെടെയുള്ള വിവിധ സ്ഥലങ്ങളിൽ നടപ്പിലാക്കാൻ പോകുന്ന വിവിധ പദ്ധതികളെക്കുറിച്ച് അങ്ങ് ഇവിടെ പറയുകയുണ്ടായി. ഈ പ്രദേശങ്ങളിലുള്ള ബുദ്ധിമുട്ട് നല്ല വെള്ളം കൊടുക്കുന്നതിനുള്ള ജലസ്രോതസ്സുകളുടെ അഭാവമാണ്. അതുകൊണ്ടുതന്നെ ജലസ്രോതസ്സിനായി കിഴക്കൻ പ്രദേശങ്ങളെ പരിഗണിക്കേണ്ടിവരുന്നു. അവിടെനിന്നു പോകുന്ന വെള്ളം തീരപ്രദേശങ്ങളിലേക്ക് എത്തുന്നതിനുമുൻപായി പ്രോജക്ട് ഏരിയായിലല്ലാതെ മറ്റു സ്ഥലങ്ങളിലേക്ക് പലതരത്തിലുള്ള സമ്മർദ്ദങ്ങളുടെയും ഫലമായി വഴിതിരിച്ചുവിടുന്നതുകൊണ്ട് യഥാർത്ഥത്തിൽ അതിന്റെ ഗുണം ലഭിക്കേണ്ടതായ പദ്ധതിപ്രദേശത്ത് വെള്ളം എത്താതിരിക്കുകയും മറ്റു പ്രദേശങ്ങളിലേക്ക് ആ വെള്ളം വഴിതിരിച്ച് കൊണ്ടുപോകുകയും ചെയ്യുന്ന ഒരു സ്ഥിതിവിശേഷമാണുള്ളത്. അതുകൊണ്ട് പ്രോജക്ട് ഏരിയായിൽ ആവശ്യമുള്ള വെള്ളം കൊടുത്തതിനുശേഷം അധികമായി ജലം ഉണ്ടെങ്കിൽ മാത്രമേ മറ്റു സ്ഥലങ്ങളിലേക്ക് ആ പ്രോജക്ടിൽനിന്ന് വെള്ളം കൊടുക്കൂ എന്നുള്ള നിലപാട് സ്വീകരിക്കുകയും ഇത്തരം പ്രദേശങ്ങളിലേയ്ക്കുവേണ്ടി വളരെ ദൂരപ്രദേശങ്ങളിൽനിന്ന് ജലം പമ്പു ചെയ്യേണ്ടിവരുന്നതുകൊണ്ട് തുടർച്ചയായി പമ്പിംഗ് ഇല്ലെങ്കിൽ വെള്ളം എത്തുകയില്ലായെന്നുള്ളതുകൊണ്ട്, ആ പമ്പിംഗ് ജോലി കൃത്യമായി നിർവ്വഹിക്കുന്നതിനുവേണ്ടി പമ്പിംഗ് നടത്തുന്ന പ്രദേശങ്ങളിൽ വൈദ്യുതി നല്ല വോൾട്ടേജോടുകൂടി തുടർച്ചയായി ലഭിക്കുന്നതിനുവേണ്ട പ്രത്യേകമായ സ്ക്കീമുകൾ ഉണ്ടാക്കുന്നതിനുവേണ്ടി മന്ത്രിയുമായി ബന്ധപ്പെട്ടുകൊണ്ട് നല്ല നിലയിൽ സ്ഥിരമായി ജലവിതരണം നടത്തുന്നതിനുവേണ്ട നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u> : ഇപ്പോൾ നമ്മുടെ സംസ്ഥാനത്ത് പലയിടങ്ങളിലും വോൾട്ടേജിന്റെ ക്ഷാമംമൂലം ജല നിർഗ്ഗമനത്തിന് പ്രശ്നങ്ങളുണ്ടാകാറുണ്ട്. അത് അതാതു സ്ഥലത്തെ കാര്യം ഗവൺമെന്റിന്റെ ശ്രദ്ധ

LIBRARY ARCHIVES Kerala Legislative Assembly

യിൽപ്പെടുമ്പോൾ ഇലക്ട്രിസിറ്റി ഡിപ്പാർട്ടുമെന്റുമായും മന്ത്രിയുമായിട്ടൊക്കെ ഡിസ്ക്കസ് ചെയ്ത് അതിന് പരിഹാരം കാണാൻ ശ്രമിക്കുകയാണ്. പലയിടത്തും അതിന് പരിഹാരം കണ്ടിട്ടുണ്ട്. കുട്ടനാട്ടും ഇത്തരം പ്രശ്നങ്ങളുണ്ട്. കുട്ടനാട്ടെ പ്രശ്നം ബഹുമാനപ്പെട്ട മെമ്പർ ഉന്നയിക്കുമ്പോൾ, കുടിവെള്ളത്തെ സംബന്ധിച്ച്, ആലപ്പുഴ ജില്ലയെ ഒരു പ്രശ്ന ജില്ലയായിട്ടാണ് ഞാൻ കാണുന്നത്. കാരണം ആലപ്പുഴ ജില്ലയുടെ മുനിസിപ്പൽ പ്രദേശങ്ങളിലൊക്കെ വെള്ളത്തിന്റെ സ്രോതസ്സ് കുഴൽക്കിണറുകൾ വഴിയാണ്. കുഴൽക്കിണറിന്റെ സ്രോതസ്സ് എത്രകാലം നിൽക്കുമെന്നതിനെ സംബന്ധിച്ച് സംശയമുണ്ട്. കുറേക്കാലം കഴിയുമ്പോൾ അത് ചീത്തയാകുമെന്നതിനാൽ അപ്പോൾ പിന്നെയും പിന്നെയും അവിടത്തെ കുഴൽക്കിണറുകളിലെ കുഴലുകൾ മാറ്റേണ്ട സ്ഥിതിവിശേഷമാണ് അവിടെയുണ്ടായിട്ടുള്ളത്. ഇപ്പോൾ ആലപ്പുഴ ജില്ലയിലെ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. അതിനായി ഗവൺമെന്റ് ഇപ്പോൾ രൂപകൽപ്പനയുണ്ടാക്കിയിട്ടുള്ളത് ഒ.ഇ.സി.എഫ്. ന്റെ പദ്ധതി അടുത്തകാലത്തായിട്ട് തുടങ്ങും. ആലപ്പുഴ പട്ടണം ഒഴിച്ചുള്ള ബാക്കി ചേർത്തല തുടങ്ങിയ പ്രദേശങ്ങളിലൊക്കെ അതുമൂലം സ്വയംപര്യാപ്തമായ നിലയിൽ വെള്ളം ലഭ്യമാകും. ആലപ്പുഴ പട്ടണത്തിനും ഇവിടെ പറഞ്ഞ കുട്ടനാട്, അമ്പലപ്പുഴ പ്രദേശങ്ങളുമൊക്കെ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു പുതിയ പദ്ധതിക്ക് രൂപം കൊടുക്കുന്നുണ്ട്. ആ പദ്ധതി അഞ്ചാറുമാസത്തിനുള്ളിൽ തുടങ്ങാൻ കഴിയും. അതിന്റെ പമ്പിംഗ് സോഴ്സ് കണ്ടുപിടിച്ചാൽ മതി. ബാക്കിയുള്ള മുഴുവൻ നടപടികളും പൂർത്തീകരിച്ചിരിക്കുകയാണ്. അതിന്റെ പമ്പിംഗ് സോഴ്സ് കൂടി കണ്ടുപിടിച്ചാൽ തീർച്ചയായിട്ടും ആലപ്പുഴയ്ക്ക് അങ്ങനെ പ്രത്യേകമായി ഒരു പദ്ധതി, അതായത് കുഴൽക്കിണറിന്റെ സ്രോതസ്സ് അല്ലാതെ നദികളിൽനിന്നുള്ള, അച്ചൻകോവിൽ നദിയിൽനിന്നുള്ള വെള്ളംകൊണ്ട് ഒരു പദ്ധതി പ്രാവർത്തികമാക്കുന്നതിനുവേണ്ട നടപടികൾ വാട്ടർ അതോറിറ്റി വളരെ ദ്രുതഗതിയിൽ സ്വീകരിച്ചുവരികയാണ്. ഡൈവേർഷനെ സംബന്ധിച്ച് പല പരാതികളും ഉണ്ടായിരുന്നു. ആ ഡൈവേർഷൻ സംബന്ധിച്ച കാര്യത്തെക്കുറിച്ച് പലപ്പോഴും ചർച്ച ചെയ്തിട്ടുണ്ട്. അതിനൊരു പരിഹാരം കാണാൻ ശ്രമിക്കുന്നുണ്ട്. ഇനിയും ആ പ്രശ്നം ചർച്ച ചെയ്യുകയും പരിഹാരം കാണാൻ ശ്രമിക്കുകയും ചെയ്യാം.

<u>ഡോ. കെ.സി. ജോസഫ്</u> : അദ്ദേഹം പറഞ്ഞ പല പദ്ധതികളും ഉണ്ട്. ആ പദ്ധതികളിലൊന്ന് ടെക്നോളജി മിഷൻ പ്രോഗ്രാമിൽപെടുത്തിയ കുട്ടനാട് ഓഗ്മെന്റേഷൻ സ്കീമാണ്. അതിനുവേണ്ടി 6,13,00,000 രൂപയുടെ ഒരു പദ്ധതിക്ക് അംഗീകാരം കിട്ടിയെങ്കിലും അത് നടപ്പിലാക്കി വന്നപ്പോൾ 1970 - ൽ ആരംഭിച്ച കുട്ടനാടൻ പദ്ധതിയുടെ ഭാഗമായിട്ടാണ് ആ പണി ചെയ്തതെന്നുള്ളതുകൊണ്ട് പഴയ ലൈനുകൾ അതിനുവേണ്ടി പ്രയോജനപ്പെടുത്താമെന്ന് കരുതിയെങ്കിലും ഇപ്പോൾ അതൊന്നും സാദ്ധ്യമല്ലെന്ന ഒരു സാഹചര്യത്തിൽ ഈ പദ്ധതിയുടെ പ്രയോജനം പൂർണമായും ലഭിക്കണമെങ്കിൽ അതിന്റെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടതായിട്ടുണ്ട്. 14 കോടി രൂപയെങ്കിലും ഉണ്ടെങ്കിലേ അത് പൂർത്തീകരിക്കാൻ കഴിയൂ എന്നുള്ള സ്ഥിതി വന്നിട്ടുള്ളതുകൊണ്ട് എസ്റ്റിമേറ്റ് പുതുക്കുന്നതിനുള്ള അനുമതി ഏറ്റവും വേഗത്തിൽ കേന്ദ്രത്തിൽനിന്ന് ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള പ്രത്യേകമായ താല്പര്യം ഗവൺമെന്റ് എടുക്കുമോ; അതിനുള്ള നടപടികളെടുക്കുമോ?

<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u> : സർ, ഈ പ്രശ്നം പരിശോധിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

പ്രതിപക്ഷ നേതാവ് (ശ്രീ. എ.കെ. ആന്റണി) : ചേർത്തല താലൂക്ക് ഉൾപ്പെടെ കേരളത്തിലെ അഞ്ചു പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിനുവേണ്ടി ജപ്പാനിലെ ഒ.ഇ.സി.എഫ്-ന്റെ സഹായത്തോടുകൂടി 1800 - ഓളം കോടി രൂപ മുതൽമുടക്കുള്ള ഒരു പദ്ധതി തുടങ്ങാൻ പോകുന്നു എന്നുപറഞ്ഞിട്ട് നാളുകളേറെയായി. പക്ഷേ അതിന്റെ കൺസൾട്ടന്റിന്റെ നിയമനവുമായി ബന്ധപ്പെട്ട വിവാദത്തിന് പരിഹാരമുണ്ടാക്കാതെ അത് കുരുങ്ങിക്കിടക്കുകയാണ്. ഇപ്പോൾ എന്താണ് അതിന്റെ സ്ഥിതി? അതിന്റെ പ്രയാസങ്ങൾ പരിഹരിച്ച് അടിയന്തിരമായി പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കാൻ ഗവൺമെന്റിന് എന്തെങ്കിലും പരിപാടിയുണ്ടോയെന്ന് ഒന്ന് വ്യക്തമാക്കിയാൽ തരക്കേടില്ല.

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : കൺസൾട്ടന്റിനെ നിയമിക്കുന്ന കാര്യത്തിൽ ചില വിവാദങ്ങളൊക്കെയുണ്ടായിരുന്നു. അതിനൊരു പരിഹാരം കണ്ടിട്ടുണ്ട്. ഇപ്പോൾ കൺസൾട്ടന്റിന്റെ നിയമനത്തെ സംബന്ധിച്ചുള്ള ബിഡ് ഇവാലുവേഷൻ പൂർത്തിയായിട്ടുണ്ട്. ഇനി വലിയ താമസമില്ലാതെതന്നെ ഗവൺമെന്റിൽനിന്ന് അതിന് ഉത്തരവ് നൽകുന്നതാണ്. അതിനു ശേഷമാണ് ബാക്കി നടപടികൾ എടുക്കേണ്ടത്. അതിനുവേണ്ട ഉത്തരവ് നൽകാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. എം. ദാസൻ : തീരപ്രദേശത്തെ മത്സ്യത്തൊഴിലാളി മേഖലയിൽ ശുദ്ധജല വിതരണം ഏർപ്പെടുത്തുന്നതിനുവേണ്ടി ഫിഷറീസ് ഡിപ്പാർട്ടുമെന്റ് പണം അനുവദിക്കുന്നുണ്ട്. കോഴിക്കോടു ജില്ലയിൽ 1997-ൽ ഫിഷറീസ് ഡിപ്പാർട്ടുമെന്റ് അനുവദിച്ചിട്ടുള്ള തുക ആ വർഷം തന്നെ വാട്ടർ അതോറിറ്റിയിലേയ്ക്ക് ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളതാണ്. പക്ഷേ ഇതേവരെ അവിടെ ശുദ്ധജലവിതരണം നൽകുന്നതിനുവേണ്ട നടപടികൾ വാട്ടർ അതോറിറ്റി സ്വീകരിച്ചിട്ടില്ല. ഇക്കാര്യം ഗവൺമെന്റ് പ്രത്യേകം ശ്രദ്ധിക്കുമോ; ഈ പ്രദേശത്ത് ആ തുക ഉപയോഗിച്ചുകൊണ്ട് ശുദ്ധജല വിതരണം നടത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : ഇത് പ്രത്യേകം ശ്രദ്ധിക്കുകയും അടിയന്തിരമായി നടപടി സ്വീകരിക്കുകയും ചെയ്യാം.

ശ്രീ. ചെർക്കളം അബ്ദുള്ള : സർ, ബഹുമാനപ്പെട്ട മന്ത്രിക്കും ഗവൺമെന്റിനും ഞാൻ അഭിനന്ദനം അർപ്പിക്കുകയാണ്. എന്റെ മണ്ഡലത്തിൽ രണ്ട് കുടിവെള്ള വിതരണ പദ്ധതികൾകൂടി ഉൾപ്പെടുത്തിക്കൊണ്ട് അത് പ്രാവർത്തികമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന് പറഞ്ഞത് സ്വാഗതാർഹമാണ്. അതിനുവേണ്ട നടപടി സ്വീകരിച്ചതായി ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. ഈ പദ്ധതികൾ എന്നത്തേക്ക് നടപ്പിലാക്കാൻ കഴിയും; ടെക്നോളജി മിഷന്റെ സഹായത്തോടുകൂടിയുള്ള ഈ പദ്ധതി എന്ന് പൂർത്തീകരിക്കുമെന്ന് പറയുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : പദ്ധതിയുടെ നടത്തിപ്പിന് ആവശ്യമായിട്ടുവരുന്ന സ്ഥലം എടുത്തുകൊടുത്താൽ അടിയന്തിരമായും അതിന്റെ നടപടികൾ തുടരാൻ കഴിയും.

ശ്രീ. പി. രാജു : നമ്മുടെ സംസ്ഥാനത്ത് തീരപ്രദേശങ്ങളിലെ ശുദ്ധജലവിതരണത്തിന് നടപടി സ്വീകരിക്കാനുള്ള ഏർപ്പാടുകൾ ഗവൺമെന്റ് സ്വീകരിക്കുന്നുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. എന്നാൽ ശുദ്ധജല വിതരണ പദ്ധതികൾ നടപ്പിലാക്കുന്ന കാര്യത്തിൽ വളരെയേറെ കാലതാമസ

LIBRARY ARCHIVES Kerala Legislative Assembly

മുണ്ടാകുകയാണ് ചെയ്യുന്നത്. പരവൂർ, വടക്കേക്കര, വൈപ്പിൻ എന്നിവ ഏറ്റവും കൂടുതൽ ശുദ്ധജല ക്ഷാമം അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന പ്രദേശങ്ങളാണ്. ആ പ്രദേശങ്ങളിൽ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി ചൊവ്വര വാട്ടർ സപ്ലൈ സ്കീം എന്ന പേരിൽ ഒരു സ്കീം നടപ്പാക്കുന്നതിന് എൽ.ഐ.സി. വായ്പ സർക്കാർ ലഭ്യമാക്കിയിട്ട് മാസങ്ങൾ പലതും കഴിഞ്ഞു. പക്ഷേ അതിനാവശ്യമായ സാങ്കേതിക വിദ്യകൾ പൂർത്തീകരിച്ചുകൊണ്ട് ആ പദ്ധതി ആരംഭിക്കുന്നതിന് ഇപ്പോഴും കാലവിളംബം വന്നുകൊണ്ടിരിക്കുകയാണ്. കനത്ത കുടിവെള്ളക്ഷാമമുള്ള പ്രദേശങ്ങളാണ് അവ. ടാങ്കർ ലോറികളിൽ കുടിവെള്ളം ഇപ്പോഴും എത്തിച്ചുകൊണ്ടിരിക്കുന്ന ആ പ്രദേശത്ത് ഈ പദ്ധതി ആരംഭിച്ചാൽപ്പോലും രണ്ടുമൂന്നു വർഷക്കാലം കൊണ്ടുമാത്രമേ അതിന്റെ പണി പൂർത്തീകരിക്കാൻ കഴിയുകയുള്ളൂ. ഇനിയും കാലവിളംബം കൂടാതെ ചൊവ്വര ശുദ്ധജല വിതരണ പദ്ധതി പൂർത്തീകരിച്ചുകൊണ്ട് തീരപ്രദേശങ്ങളിലെ ശുദ്ധജലക്ഷാമത്തിന് പരിഹാരമുണ്ടാക്കാൻ വേഗത കൂട്ടുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : സർ, ചൊവ്വര വാട്ടർ സപ്ലൈ സ്കീമിനെ സംബന്ധിച്ച് ചില തർക്ക പ്രശ്നങ്ങളുണ്ടായിട്ടുണ്ട്. ചൊവ്വര വാട്ടർ സപ്ലൈ സ്കീമിന്റെ ഡിസൈൻ ശരിയായിട്ടല്ല ചെയ്തിരിക്കുന്നതെന്ന് ആക്ഷേപമുണ്ടായിരുന്നു. ആ ഡിസൈനിനെ സംബന്ധിച്ച്, അതിൽ ചില മാറ്റങ്ങൾ വേണമെന്ന് അവിടത്തെ ജനങ്ങളിൽനിന്നും അതുപോലെ പലഭാഗങ്ങളിൽനിന്നും അഭിപ്രായങ്ങൾ പൊന്തിവന്നു. ഇതിനോടകം അതിന്റെയൊക്കെ പരിശോധനകൾ കഴിഞ്ഞു. ഒന്നുരണ്ടു പ്രാവശ്യം അവിടെവച്ചുതന്നെ അതു സംബന്ധിച്ച് റിവ്യൂ മീറ്റിംഗുകൾ നടത്തി അക്കാര്യം വിശദമായി ചർച്ചചെയ്തു. ഇപ്പോൾ ആ പണി ടെൻഡർ ചെയ്തിട്ടുണ്ട്. അത് ടെൻഡർ ചെയ്തപ്പോൾ കൺസ്ട്രക്ഷൻ കോർപ്പറേഷനാണ് ടെൻഡർ സ്വീകരിച്ചിരുന്നത് എന്നുള്ളതുകൊണ്ട് കൺസ്ട്രക്ഷൻ കോർപ്പറേഷനുമായി അതിനെ സംബന്ധിച്ചുള്ള ചർച്ച നടന്നുകൊണ്ടിരിക്കുകയാണ്. വാട്ടർ അതോറിറ്റി സ്കീമിന്റെ റേറ്റ് കൂടുതലാണെന്നുള്ള ഒരഭിപ്രായമുള്ളതുകൊണ്ട് അതിനെ സംബന്ധിച്ചുള്ള ചർച്ചയും നടപടികളും തുടർന്നുകൊണ്ടിരിക്കുകയാണ്. കാലതാമസം കൂടാതെ വർക്കുകൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : തീരപ്രദേശത്ത് ഏറ്റവുമധികം ക്ഷാമമുള്ളത് കുടിവെള്ളത്തിനാണെന്ന വസ്തുത അങ്ങേയ്ക്കറിയാം. പക്ഷേ ഇപ്പോൾ നമ്മൾ അവർക്ക് വെള്ളം കൊടുക്കാൻ ആരംഭിക്കുന്ന പദ്ധതികളെല്ലാം കൺവെൻഷൻ ടൈപ്പ് പദ്ധതികളാണ്. ഇപ്പോൾ സോഴ്സുകളില്ല നമുക്ക്. പെരിയാറിൽനിന്നുള്ള വാട്ടർ സോഴ്സ് ഇല്ലെന്ന് പറഞ്ഞ് തർക്കങ്ങളാണുള്ളത്. അതുകൊണ്ട് കുറച്ച് ചെലവ് കൂടുമെങ്കിൽപ്പോലും കടൽവെള്ളം ശുദ്ധീകരിച്ച് ശുദ്ധജലം കൊടുക്കാൻ കഴിയുന്ന പദ്ധതികൾ വരികയാണെങ്കിൽ അതുകൊണ്ട് നമുക്ക് വൈദ്യുതിയും ഉണ്ടാവും. ബൈ-പ്രോഡക്ടായിട്ട് വെള്ളവും കിട്ടും. അങ്ങനെയുള്ള നവീന പദ്ധതികളെക്കുറിച്ച് ഈ ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : എറണാകുളത്ത് പ്രൈവറ്റ് മേഖലയിൽ അതിനുള്ള പരീക്ഷണം നടക്കുകയാണ്. അവിടെ ഉപ്പുവെള്ളം ശുദ്ധി ചെയ്ത് ഫാക്ടറി ആവശ്യത്തിനും മറ്റും ഉപയോഗിക്കുന്നതിനെ സംബന്ധിച്ച് ഒരു പരീക്ഷണം നടത്തുന്നതിനുള്ള നടപടികൾ തുടരുന്നതായിട്ടാണ് അറിയുന്നത്. എന്തായാലും അതേക്കുറിച്ച് പരിശോധിക്കാം. അത് സക്സസ് ആണെങ്കിൽ തീർച്ചയായിട്ടും ഗവൺമെന്റ് അതിന് അത്യാവശ്യമായി ചെയ്യേണ്ട

LIBRARY ARCHIVES Kerala Legislative Assembly

സ്ഥലങ്ങളിലൊക്കെ ആ പദ്ധതി നടപ്പിലാക്കുന്നതിനെ സംബന്ധിച്ചുള്ള പ്രായോഗികതയെ സംബന്ധിച്ച് പരിശോധിക്കുന്നതാണ്.

ശ്രീ. എം.വി. ജയരാജൻ : സർ, എന്റെ മണ്ഡലത്തിൽപ്പെടുന്ന തീര ദേശ പഞ്ചായത്തുകളുണ്ട്. അതിലൊന്നാണ് മുളപ്പിലങ്ങാട്. അവിടെ എൽ.ഐ.സി. യുടെ ധനസഹായത്തോടെ ഒരു കുടിവെള്ള പദ്ധതിക്ക് അനുമതി ലഭിച്ചതാണ്. എന്നാൽ അതിപ്പോൾ എവിടെയുമായിട്ടില്ല. അതുപോലെ തന്നെ എടക്കാട് പഞ്ചായത്തിലെ തോട്ടട പദ്ധതിയുടെ കാര്യവും (Drinking water to all by 2000 A.D) എന്നാണ് ആ വാട്ടർ സപ്ലൈ സ്കീമിന്റെ പേര്. അതുപോലെ Water supply scheme to Thottada. ഇതു രണ്ടും ഇപ്പോൾ ഒച്ചിന്റെ വേഗതയിലാണ് നീങ്ങുന്നത്. അതുകൊണ്ട് ഈ ജില്ലയിലെ തീരദേശ പ്രദേശങ്ങൾക്ക് പ്രത്യേകമായിട്ട് പ്രാമുഖ്യം കൊടുത്തുകൊണ്ട് അതിന്റെ മോണിട്ടറിംഗിനായി പ്രത്യേകമായിട്ടൊരു സംവിധാനം ഏർപ്പെടുത്തുമോ? ബഹുമാനപ്പെട്ട മന്ത്രി തന്നെ മുൻകൈയെടുത്തുകൊണ്ട് മുൻപ് ഒരു റിവ്യൂ നടന്നിരുന്നു. റവന്യൂ ഉദ്യോഗസ്ഥൻമാരെ അടക്കം പങ്കെടുപ്പിച്ചുകൊണ്ട് വാട്ടർ അതോറിറ്റിയുടെ ബന്ധപ്പെട്ടവരുടെയൊക്കെ ഒരു മോണിട്ടറിംഗ് സംവിധാനത്തിനുവേണ്ടി പ്രത്യേകമായി മന്ത്രി മുൻകൈയെടുക്കുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : അതിന് മുൻകൈയെടുക്കുന്നതിന് തടസ്സമൊന്നുമില്ല. വാട്ടർ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ നീണ്ടുപോകുന്നത് ചില സാങ്കേതികമായ പ്രശ്നങ്ങളുടെ പേരിലാണ്. ആ സാങ്കേതിക പ്രശ്നങ്ങളിൽനിന്ന് അതിന്റെ നൂലാമാലകളിൽനിന്നും ഊരുന്നതിനുള്ള നടപടികളൊക്കെ അടിയന്തിരമായി സ്വീകരിച്ചിട്ടുണ്ട്. അത് സ്വീകരിച്ചതിന്റെ ഫലമായി വലിയ കാലതാമസമില്ലാതെ ഇപ്പോൾ തുടരുന്നതും ഇനി തുടരാനിരിക്കുന്നതുമായ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടത്തുന്നതിനെ സംബന്ധിച്ച് ആലോചിക്കാം.

ഡോ. എം.എ. കുട്ടപ്പൻ : സർ, പൂർണ്ണമായും തീരപ്രദേശമായിട്ടുള്ളതും ഉപ്പുവെള്ളം മാത്രം ലഭിക്കുന്നതുമായ വൈപ്പിൻ, മട്ടാഞ്ചേരി, പള്ളുരുത്തി അടക്കമുള്ള പ്രദേശങ്ങൾക്കുവേണ്ടി ആവിഷ്ക്കരിച്ച ഹഡ്കോയുടെ ശുദ്ധജല വിതരണ പദ്ധതി നിശ്ചിത സമയം കഴിഞ്ഞിട്ടും പൂർത്തിയായിട്ടില്ല. അത് പൂർത്തിയാകാത്തതിന്റെ പ്രധാന കാരണം ആ പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ ഭൂമി സർക്കാർ ഏറ്റെടുത്തിട്ടില്ലായെന്നതുകൊണ്ടാണ്. അതുകൊണ്ട് ആലുവ, എറണാകുളം മേഖലയിലെ ഭൂമി ഏറ്റെടുക്കാൻ വേണ്ടിയുള്ള ഒരു പാക്കേജ് സ്കീം അങ്ങയുടെ മുൻപാകെയുണ്ട്. ആ സ്കീം എത്രയും നേരത്തെ അംഗീകരിച്ച് ഭൂമിക്ക് പണം കൊടുത്ത് അവിടെ പദ്ധതിക്കുവേണ്ട ഭൂമി അക്വയർ ചെയ്യുകയും വൈപ്പിനിലെ ടാങ്ക് പണിയാനുള്ള രണ്ട് ഏക്കറോളം ഭൂമി ഏറ്റെടുക്കുകയും ചെയ്ത്. ഈ പദ്ധതി അടിയന്തിരമായി പൂർത്തിയാക്കാൻവേണ്ട നടപടി അങ്ങ് കൈക്കൊള്ളുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : കൊച്ചിയിലെ ഹഡ്കോ പദ്ധതി ഗവൺമെന്റിന്റെ പ്രത്യേക പരിഗണനയുള്ള പദ്ധതിയാണ്. ആ പദ്ധതിക്ക് കാലതാമസം വരുന്നത് അവിടെ സ്ഥലമെടുക്കുന്നതു സംബന്ധിച്ചുള്ള തർക്കമുള്ളതുകൊണ്ടാണ്. ആ തർക്കങ്ങൾ ഇപ്പോൾ ഏറെക്കുറെ പരിഹരിച്ചിട്ടുണ്ട്. ഇപ്പോൾ ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ ഒരു പാക്കേജ് പദ്ധതി ഗവൺമെന്റ് സ്വീകരിച്ചു. ആ പാക്കേജ് പദ്ധതിയുടെ ഉത്തരവായില്ലെങ്കിലും അവിടത്തെ ആളുകൾക്ക് അതിന്റെ പ്രയോജനം ലഭിക്കുമെന്ന് ബോദ്ധ്യപ്പെട്ടതിനുശേഷമാണ് ആ തർക്കങ്ങളൊക്കെ അവസാനിച്ചത്. ആ

LIBRARY ARCHIVES Kerala Legislative Assembly

പാക്കേജ് പദ്ധതി നടപ്പിലാക്കുന്നതിന് അടിയന്തിരമായിത്തന്നെ ഉത്തരവ് പുറപ്പെടുവിച്ച് അതിന്റെ ആനുകൂല്യങ്ങൾ അവിടത്തെ ആളുകൾക്ക് ലഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. എ. കണാരൻ : പ്രവൃത്തി ആരംഭിച്ച് എട്ടും പത്തും പന്ത്രണ്ടും കൊല്ലമായിട്ടും കമ്മീഷൻ ചെയ്യാത്ത അനേകം കുടിവെള്ള പദ്ധതികൾ നമ്മുടെ സംസ്ഥാനത്തെ പല ഭാഗങ്ങളിലുമുണ്ട്. ഗുളികപ്പുഴ പദ്ധതി. തിരുവള്ളൂർ-ആഴഞ്ചേരി പ്രദേശത്തുള്ള ചേറോട് പദ്ധതി, കൊയിലാണ്ടി പദ്ധതി ഇവയെല്ലാം അതിലുൾപ്പെടും. ചേറോട് പദ്ധതി 1970-ൽ ആരംഭിച്ചതാണ്. ഇരുപതു കൊല്ലമായി കിണർ കുഴിക്കുന്നതിനുമുൻപ് പൈപ്പ് ഇട്ടു. എന്നിട്ടിപ്പോൾ പൈപ്പെല്ലാം പൊട്ടിക്കൊണ്ടിരിക്കുകയാണ്. ഗുണപരമല്ലാതെ കോടിക്കണക്കിന് രൂപ നഷ്ടം വരുത്തിയിട്ടുള്ള സംഭവമുണ്ടായിട്ടുണ്ട്. ഇത് വിശദമായ ഒരന്വേഷണത്തിന് വിധേയമാക്കി അവിടുത്തെ ജനങ്ങൾക്ക് കുടിവെള്ളം കൊടുക്കാനുള്ള നടപടി വേഗം ആരംഭിക്കുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : മുൻകാലങ്ങളിൽ ആരംഭിച്ച പദ്ധതികളെ സംബന്ധിച്ച പ്രശ്നങ്ങളാണ് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത്. ഏകദേശം കംപ്ലീറ്റായ വർക്കുകളിൽപ്പോലും പരീക്ഷണം നടത്തുന്ന അവസരത്തിൽ, വെള്ളം കടത്തിവിടുമ്പോൾ പൈപ്പുകൾ പൊട്ടിപ്പോകുന്ന അനുഭവമുണ്ട്. അതുകൊണ്ട് കമ്മീഷൻ ചെയ്യാൻ താമസിക്കുന്ന ഒട്ടേറെ വർക്കുകൾ നമ്മുടെ സംസ്ഥാനത്തുണ്ട്. ഇതൊക്കെ പ്രത്യേകമായി എടുത്ത് പ്രത്യേക പരിഗണന നൽകി, പണികൾ വളരെ വേഗം തീർക്കുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചുവരികയാണ്.

ശ്രീ. പി.കെ.കെ. ബാവ : ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞപ്പോൾ തീരദേശ പ്രദേശങ്ങളിലെ കുടിലുകളിൽ സൗജന്യ വാട്ടർ കണക്ഷൻ കൊടുക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ലെന്നു പറഞ്ഞു. ആ പ്രദേശത്തെ കുടിലുകളിൽ താമസിക്കുന്ന ആളുകളുടെ ദയനീയമായ സ്ഥിതി പരിഗണിച്ച് അവർക്ക് സൗജന്യമായി വാട്ടർ കണക്ഷൻ കൊടുക്കുന്നതിനുള്ള സാദ്ധ്യത ഗവൺമെന്റ് പരിശോധിക്കുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : ഇപ്പോഴത്തെ സ്ഥിതിയിൽ അവർക്ക് വാട്ടർ കണക്ഷൻ കൊടുക്കുന്നതിനുള്ള സാദ്ധ്യത ഇല്ല. പക്ഷെ അവർക്ക് വാട്ടർ കണക്ഷൻ കൊടുക്കണം, അവർ വെള്ളം കിട്ടേണ്ടവരാണ് എന്നുള്ളതു സംബന്ധിച്ച് ഗവൺമെന്റിന് രണ്ടഭിപ്രായമില്ല. അവർക്കുകൂടെ വെള്ളം കൊടുക്കത്തക്ക നിലയിൽ ഗവൺമെന്റിന്റെയും വാട്ടർ അതോറിറ്റിയുടെയും പൊസിഷൻ വളർന്നുവരുമെങ്കിൽ തീർച്ചയായും അതു സംബന്ധിച്ച് ആലോചിക്കാം.

ശ്രീ. ജോൺ ഫെർണാണ്ടസ് : ഡോ. എം.എ. കുട്ടപ്പനും ശ്രീ. ഡൊമിനിക് പ്രസന്റേഷനുമൊക്കെ ചൂണ്ടിക്കാണിച്ച എറണാകുളം ജില്ലയിലെ പടിഞ്ഞാറൻ മേഖലയിലെ തീരപ്രദേശത്തെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനുള്ള പദ്ധതി എന്നുള്ള നിലയിലാണ് ഹഡ്കോ ഒഴ്മെന്റേഷൻ പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചത്. ഈ പദ്ധതിയിൽ കുറെ വർക്കുകൾ നടത്തിയെങ്കിലും ഇപ്പോഴും വളരെ സാവകാശത്തിലാണ് മുന്നോട്ടു പോകുന്നത്. അതിന് പൈപ്പ് ലൈൻ ഇടുന്നതിനുവേണ്ടി ടെണ്ടർ ക്ഷണിച്ചു. കേരളത്തിനകത്തും പുറത്തുമുള്ള എട്ടോളം കമ്പനികൾ ടെണ്ടർ കൊടുത്തു. എന്നാൽ ആ ടെണ്ടർ ആകെ ക്യാൻസൽ ചെയ്തിട്ട് ആറുമാസത്തെ കാലാവധിക്ക് വീണ്ടും പരസ്യം കൊടുത്തിരിക്കുകയാണ്. ഇതെല്ലാം ഈ പദ്ധതിക്ക് തടസ്സ

LIBRARY ARCHIVES Kerala Legislative Assembly

മായി നിൽക്കുകയാണ്. അടിയന്തിരമായി അങ്ങ് ഇടപെട്ടുകൊണ്ട് ആ പദ്ധതി പൂർത്തിയാക്കാനാവശ്യമായ തീരുമാനം കൈക്കൊള്ളുമോ?

<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u> : ഹഡ്കോ പദ്ധതിയുടെ ടെണ്ടർ ആകുന്നതേയുള്ളൂ. ആ ടെണ്ടർ ആദ്യം ടെണ്ടർ ചെയ്യാൻ തീരുമാനിച്ച ഡേറ്റ് മാറ്റിവച്ചു. മാറ്റിവയ്ക്കാൻ കാരണം, അതിന്റെ എസ്റ്റിമേറ്റ് കംപ്ലീറ്റാകുന്നതിനു മുമ്പാണ് അതിന്റെ നടപടി വന്നത് എന്നുള്ളതാണ്. അതുകൊണ്ട് എസ്റ്റിമേറ്റ് പൂർണ്ണമാക്കിയതിനുശേഷം ടെണ്ടർ വിളിച്ചാൽ മതിയെന്ന് നിർദ്ദേശം കൊടുത്തതിന്റെ ഫലമായിട്ടാണ് നീണ്ടുപോയത്. ആറുമാസമൊന്നുമല്ല ഈ മാസം അവസാനമാണ് അതിന്റെ ഡേറ്റ് എന്നാണ് എനിക്ക് തോന്നുന്നത്. അത്ര മാത്രം കാലതാമസം തീർച്ചയായും ഈ വർക്കിന് വരാൻ ഗവൺമെന്റ് അനുവദിക്കുകയില്ല.

<u>ശ്രീ. സി.എഫ്. തോമസ്</u> : ഈ പദ്ധതികളുടെ സോഴ്സുകൾ ഉദാഹരണത്തിന് കല്ലുശ്ശേരി, കറ്റോഡ് അങ്ങനെയുള്ള പ്രദേശങ്ങളിൽ ഉണ്ടാകുന്ന വൈദ്യുതി കുഴപ്പം കാരണം വാട്ടർ സപ്ലൈ നിരന്തരമായി മുടങ്ങുന്ന ഇഷ്യൂ വൈദ്യുതി മന്ത്രിയുമായിക്കൂടി ഇരുന്ന് പരിശോധിക്കുകയും അതൊടൊപ്പം തന്നെ വർഷങ്ങളായി ജലം ലഭിച്ചുകൊണ്ടിരുന്ന പ്രദേശത്തുനിന്ന് വെള്ളം മാറ്റിക്കൊണ്ടുപോയി വേറെ സ്ഥലങ്ങളിൽ കൊടുക്കാനുള്ള നടപടികൾ സ്വീകരിക്കാതിരിക്കുകയും ചെയ്യുന്നതിന് ശ്രദ്ധിക്കുമോ?

<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u> : നേരത്തെ ബഹുമാനപ്പെട്ട മെമ്പർ ശ്രീ. കെ.സി. ജോസഫ് ഉന്നയിച്ചതും ഈ ഡൈവർഷൻ പ്രശ്നത്തെ സംബന്ധിച്ചാണ്. ഇതു തന്നെയാണ് ഡൈവർഷൻ സംബന്ധിച്ച് രണ്ട് എം.എൽ.എ. മാർ തമ്മിലുള്ള തർക്കം. അത് പരമാവധി പരിഹരിക്കാൻ ശ്രമിക്കുകയാണ്. അതുപോലെതന്നെ ഇലക്ട്രിസിറ്റിയുടെ കാര്യത്തിൽ ഞാൻ നേരത്തെ മറുപടി പറഞ്ഞപ്പോൾതന്നെ പറഞ്ഞു. അത്തരം പ്രശ്നങ്ങൾ ഉള്ള സ്ഥലത്ത് അതുസംബന്ധിച്ച് ചർച്ച ചെയ്യുന്നുണ്ട്. മന്ത്രിയുമായും ഡിപ്പാർട്ടുമെന്റുമായും ഇലക്ട്രിസിറ്റി ബോർഡുമായും ചർച്ച ചെയ്ത് അതിന് പരിഹാരം കാണാൻ ശ്രമിക്കുന്നുണ്ട്.

<u>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി</u> : തീരദേശ ശുദ്ധജല വിതരണ പദ്ധതിയെപ്പറ്റിയാണ് ചോദ്യം. ഇതിനായിട്ട് പത്താം ധനകാര്യ കമ്മീഷൻ ഫിഷറീസ് ഡിപ്പാർട്ടുമെന്റിന് വലിയൊരു സംഖ്യ കൊടുത്തിരുന്നു. പക്ഷെ ആ സംഖ്യ വാട്ടർ അതോറിറ്റിയെ ഏൽപ്പിക്കുകയും വാട്ടർ അതോറിറ്റി അത് തിരിച്ചേൽപ്പിക്കുകയും ചെയ്തു. ഇപ്പോൾ അത് ലാപ്സാകാൻ പോവുകയാണ്. യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കൊടുത്താൽമാത്രമേ പതിനൊന്നാം ധനകാര്യ കമ്മീഷനിൽനിന്നും പൈസ കിട്ടുകയുള്ളൂ. വാട്ടർ അതോറിറ്റി ഈ കാര്യത്തിൽ കാണിച്ച അനാസ്ഥകൊണ്ട് നമുക്ക് പത്താം ധനകാര്യകമ്മീഷന്റെ പണം ഉപയോഗിച്ച് തീരദേശത്തേയ്ക്ക് ശുദ്ധജലം നൽകാൻ കഴിഞ്ഞിട്ടില്ല. ഇക്കാര്യത്തിൽ വാട്ടർ അതോറിറ്റിയുടെ അനാസ്ഥ എന്താണെന്ന് അന്വേഷിക്കുമോ; നടപടി സ്വീകരിക്കുമോ?

<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u> : വാട്ടർ അതോറിറ്റിയുടെ അനാസ്ഥകൊണ്ടല്ല. ഫിഷറീസിന് ധനകാര്യ കമ്മീഷൻ കൊടുത്ത പണത്തിന്റെ വർക്കുകളുടെ പേരാണ് ഞാൻ നേരത്തെ പറഞ്ഞത്. 55 ലക്ഷത്തിനു താഴെ രൂപ ചെലവു വരുന്ന വർക്കുകൾ ഏറ്റെടുത്താൽ മതിയെന്ന പുതിയ ജി.ഒ. വന്നശേഷം ഫിഷറീസിൽനിന്നും പണം പോർട്ട് ഡിപ്പാർട്ടുമെന്റിന് കൊടുത്ത് പോർട്ട് ഡിപ്പാർട്ടുമെന്റാണ് അത്തരം നടപടികൾ സ്വീകരിക്കുന്നത്.

884/2010.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി റോസമ്മ ചാക്കോ : ബഹുമാനപ്പെട്ട മന്ത്രി ഒരുപാട് ജലവൈദ്യുത പദ്ധതികളെക്കുറിച്ച് പറഞ്ഞു. എന്റെ നിയോജക മണ്ഡലത്തിലെ 8 പഞ്ചായത്തുകളിൽ ഏഴും തീരദേശത്തുള്ള പഞ്ചായത്തുകളാണ്. ശുദ്ധജലം ഇവിടെ ലഭിക്കുകയെന്നുള്ളത് വളരെ ബുദ്ധിമുട്ടുമാണ്. വെങ്കിടങ്ങ് പഞ്ചായത്തുൾപ്പെടെയുള്ള പ്രദേശങ്ങളിൽ ശുദ്ധജലം നൽകുന്നതിനുവേണ്ടി പല പദ്ധതികളും ആവിഷ്ക്കരിച്ചിട്ടുണ്ടെന്ന് അങ്ങ് കഴിഞ്ഞ കൊല്ലവും പറഞ്ഞു. പക്ഷേ ഇതുവരെ ഇതിനുവേണ്ടി ചെറുവിരൽ പോലും അനക്കിയിട്ടില്ല എന്നതാണ് യാഥാർത്ഥ്യം. ആ പ്രശ്നം പരിഹരിക്കുന്നതോടൊപ്പം പാവറട്ടി, തൈക്കാട്, മുല്ലശ്ശേരി മുതലായ ഭാഗങ്ങളിൽ ശുദ്ധജലം കിട്ടുന്നതിനുവേണ്ടിയുള്ള പാവറട്ടി ജലവൈദ്യുത പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതിയെന്താണ്? ആ പദ്ധതി പേരിൽ പാവറട്ടി പദ്ധതി എന്നുള്ളതല്ലാതെ പാവറട്ടിയ്ക്കോ അതിനുചുറ്റുമുള്ള പ്രദേശങ്ങൾക്കോ ഗുണം ചെയ്യുന്നില്ല. ഇപ്പോൾ പറയുന്നത് രണ്ടാം ഘട്ടത്തിൽ പാവറട്ടി ഉൾപ്പെടുത്തുമെന്നാണ്. അതിന്റെ സ്ഥിതി എന്തായി? ഇങ്ങനെ മണലൂർ നിയോജക മണ്ഡലത്തിലെ തീരപ്രദേശത്ത് താമസിക്കുന്ന സാധുക്കളായ മത്സ്യത്തൊഴിലാളികളുൾപ്പെടെയുള്ള ആളുകൾക്ക് ശുദ്ധജലം നൽകുന്നതിനുവേണ്ടിയുള്ള സത്വര നടപടി സ്വീകരിക്കുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : തീര പ്രദേശങ്ങളിൽ സ്വീകരിച്ചിട്ടുള്ള നടപടികളെ സംബന്ധിച്ചാണ് ചോദ്യവും ഇപ്പോൾ ഞാൻ ഇവിടെ നൽകിയ വിശദീകരണവും. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ പ്രദേശത്ത് എന്താണ് പ്രശ്നം. വെള്ളം കിട്ടാനുള്ള എന്ത് നടപടിയാണ് സ്വീകരിക്കേണ്ടത്. പാവറട്ടി പദ്ധതിയുടെ പ്രശ്നമെന്താണ് എന്നുള്ളത് ഞാൻ പ്രത്യേകം പരിശോധിക്കാം.

2 (*32) ദേശീയ യുവജനോൽസവം

ശ്രീ. പി. വിശ്വൻ :
ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :
ശ്രീ. സി.പി. ബാലൻ വൈദ്യർ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രണ്ടായിരാമാണ്ട് ജനുവരി മാസം സംസ്ഥാനത്തുവച്ച് നടത്താൻ നിശ്ചയിച്ചിരുന്ന ദേശീയ യുവജനോൽസവം സംസ്ഥാനത്തുനിന്നും മാറ്റിക്കൊണ്ടുപോകാൻ കേന്ദ്ര സർക്കാർ എടുത്ത തീരുമാനം ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടുവോ;

(ബി) എങ്കിൽ ഇതിനുള്ള കാരണം എന്തെന്നു കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ;

(സി) ഇന്ത്യയിലെ ഏറ്റവും വലിയ യുവജനമേളയുടെ നടത്തിപ്പ് സംസ്ഥാനത്തുനിന്നും മാറ്റിക്കൊണ്ടുപോകുന്നതിനെതിരെ സംസ്ഥാന സർക്കാരിന്റെ പ്രതിഷേധം കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാർ എന്തെങ്കിലും മറുപടി നൽകിയോ; വിശദാംശം വെളിപ്പെടുത്തുമോ;